ആരോപണത്തിനു് വിധേയരായിട്ടുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ

297. [372] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-5-1982-നു ശേഷം ആരോപണത്തിനും മറ്റും വിധേയരായിട്ടുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണെന്നു് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ടു്.

(ബി)

കൺസർവേറ്റർ	—	1
ഡെപ്യൂട്ടി കൺസർവേറ്റർ	—	16
അസിസ്റ്റന്റ് കൺസർവേറ്റർ	—	24
റെയിഞ്ചോഫീസർ	—	172
ഡെപ്യൂട്ടി റെയിഞ്ചോഫീസർ	—	16
ഫോറസ്റ്റർ	—	377
ഫോറസ്റ്റ് ഗാർഡ്	—	733
ക്ലാർക്ക്	—	2
ഡ്രൈവർ	—	38
വാച്ചർ	—	8
ആകെ		1387

പാമ്പാടി ഗവൺമെന്റ് ഹൈസ്കൂളിൽ സ്റ്റേഡിയം

298. [373] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമ്പാടി ഗവ. ഹൈസ്കൂളിൽ ഒരു സ്റ്റേഡിയം പണിയുന്നതിനു് വേണ്ടിയുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിനു് സാമ്പത്തിക സഹായം 1986-87 വർഷത്തിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ടു്.

(ബി) പ്രസ്തുത അപേക്ഷ, നിർദ്ദിഷ്ട ഫോറത്തിൽ ജില്ലാ സ്പോർട്സ് കൗൺസിൽ മുഖാന്തിരം കേരളാ സ്പോർട്സ് കൗൺസിലിൽ അയച്ചുകൊടുക്കണമെന്നു് പാമ്പാടി പഞ്ചായത്ത് സ്പെഷ്യൽ ആഫീസറോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ഈ പദ്ധതിയുടെ നിബന്ധനകൾ പ്രകാരം വിധേയമായി ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണു്.

കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം

299. [374] ശ്രീ. എ സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനം വകുപ്പു് മന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിന്റെ പുതുക്കിയ മതിപ്പു ചെലവു് എത്രയാണെന്നു് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly